ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) 'നാഷണൽ ഫിഷർമെൻ വെൽഫയർ ഹൗസിംഗ് സ്കീം' നിലവിലുണ്ട്.

(സി) കോളനി നവീകരണത്തിനായി അധിക കേന്ദ്രസഹായമായി ലഭിച്ച 15 കോടി രൂപ ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമ്മാണം, വീട് പുനരുദ്ധാരണം, സാനിറ്റേഷൻ, കുടിവെള്ള വിതരണം എന്നീ പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. റിപ്പയറിംഗിന് ഒരു ഭവനത്തിന് 20,000 രൂപാവച്ച് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

സംസ്ഥാനത്ത് വാറ്റ് നടപ്പിലാക്കിയശേഷം നികുതി വരവിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ

*8 [35] *ശ്രീ. എം. വി. ജയരാജൻ:*
ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ:
" *പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പിലാക്കിയശേഷം നികുതി വരവിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതെല്ലാം മേഖലകളിലാണ് മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്;

(സി) ഈ മാറ്റങ്ങൾ സംസ്ഥാനത്തിന്റെ നികുതി വരവിൽ സൃഷ്ടിച്ച പ്രതിഫലനങ്ങൾ എന്തൊക്കെയാണ്;

(ഡി) വാറ്റ് നടപ്പിലാക്കിയശേഷം നികുതി വരവിൽ എന്തെങ്കിലും തരത്തിലുള്ള കുറവുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പിലാക്കിയശേഷം 30-6-2005-ലെ കണക്കനുസരിച്ച് മുൻവർഷത്തെ ഇതേ കാലയളവിലെ നികുതി വരവിനേക്കാൾ 73 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) മിക്ക സാധനങ്ങളുടെയും കാര്യത്തിലും നികുതി വരുമാനത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. 1963-ലെ കേരള പൊതു വിൽപ്പന നികുതി നിയമത്തിന്റെ പരിധിയിൽ ഡീസൽ, പെട്രോൾ, എ. റ്റി. എഫ്., വിദേശ മദ്യങ്ങൾ, കറുപ്പ്, ഗഞ്ചാവ് എന്നിവയെ ഏക മുഖ വിൽപ്പന നികുതിയിൽ നിലനിർത്തി ബാക്കിയുള്ള എല്ലാ വസ്തുക്കൾക്കും ഓരോ ഘട്ടത്തിലുമുണ്ടാകുന്ന മൂല്യ വർദ്ധനയ്ക്കും ഒരു ശതമാനം, നാലു ശതമാനം, 12.5 ശതമാനം എന്നീ നിരക്കിൽ ബഹുമുഖ

LIBRARY ARCHIVES Kerala Legislative Assembly

നികുതി ഏർപ്പെടുത്തി എന്നതാണ് മൂല്യ വർദ്ധിത നികുതി നിയമത്തിലെ പ്രധാനപ്പെട്ട മാറ്റം. കൂടാതെ, നികുതി ചരക്കു വിലയിൽപ്പെടാത്ത ലാഭമുൾപ്പെടെയുള്ള യഥാർത്ഥവിലയ്ക്കുമാത്രമേ നികുതി ചുമത്തുന്നുള്ളൂ. ഉയർന്ന നിരക്കിൽ നികുതി ചുമത്തപ്പെട്ട അനേകം സാധനങ്ങൾക്ക് മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 4% ആയി കുറച്ചു. കൂടാതെ കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ നിലവിലുള്ള 1% മുതൽ 90% വരെയുള്ള നിരക്കുകൾ ക്രമീകരിച്ച് വെറും 3 നിരക്കുകളാക്കി.

(സി) നികുതി നിരക്കുകൾ കുറച്ചതുകൊണ്ടും അവസാന വാങ്ങൽ ഘട്ടത്തിൽ നികുതി വിധേയമായ ചരക്കുകൾക്ക് വിൽപ്പന ഘട്ടത്തിൽ നികുതി ഏർപ്പെടുത്തിയതുകൊണ്ടും അയൽ സംസ്ഥാനങ്ങളിലെ നികുതി നിരക്കിനേക്കാൾ നികുതി നിരക്കുകൾ കുറവായതിനാലും നികുതി ചോർച്ച കാര്യക്ഷമമായി തടയാൻ കഴിയുകയും മുൻകാലയളവിനേക്കാൾ നികുതി വരുമാനത്തിൽ 6% വർദ്ധനവ് ലഭിക്കുകയും ചെയ്തു.

(ഡി) 2005 മേയ് മാസത്തിൽ മാത്രം കുറവു വന്നു (5%).

(ഇ) ഇക്കൊല്ലത്തേയും കഴിഞ്ഞ കൊല്ലത്തേയും മേയ് മാസത്തിലെ വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

2004 മേയ് – 518.41 കോടി രൂപ.
2005 മേയ് - 492.46 കോടി രൂപ.

സുനാമിമൂലം സമുദ്രത്തിന്റെ അടിത്തട്ടിൽ ഉണ്ടായ വ്യതിയാനങ്ങൾ

*9 [36] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *ബി. വിജയകുമാർ:*
,, *ടി. എൻ. പ്രതാപൻ:*
,, *വർക്കല കഹാർ:*
,, *ജോർജ് ജെ. മാത്യു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെത്തുടർന്ന് സംസ്ഥാനത്തോട് ചേർന്ന സമുദ്രത്തിന്റെ അടിത്തട്ടിൽ എന്തെല്ലാം വ്യതിയാനങ്ങളാണ് ഉണ്ടായത്;

(ബി) ഇതുമൂലം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് മാറ്റം സംഭവിച്ചിട്ടുണ്ടോ;

(സി) ചാകര മേഖലകളിൽ പഴയതുപോലെ മത്സ്യലഭ്യത ഇപ്പോഴുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങളെപ്പറ്റി പഠിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly